-മണൽ ലഭ്യമാക്കുന്നതിനുള്ള പാസ്സിന്റെ കാലാവധി നീട്ടാൻ നടപടി

173 (3974) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇ. എം. എസ് ഭവനനിർമ്മാണ പദ്ധതിപ്രകാരം വീടു നിർമ്മാണം വ്യാപകമായി നടക്കുന്നതിനാൽ ഇടുക്കി ജില്ലയിൽ മണൽ ക്ഷാമം പരിഹരിക്കുന്നതിനായി മണൽ ലഭ്യമാക്കുന്നതിനുള്ള പാസ് ഒരു മാസത്തെ കാലാവധി എന്നുള്ളത് മാറ്റി കൂടുതൽ കാലയളവിലേക്ക് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

കോഴിക്കോട് താലൂക്ക് ഓഫീസിൽനിന്നുള്ള ധനസഹായം പണമായി നൽകാൻ നടപടി

174 (3948) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്ക് ഓഫീസിൽ നിന്നും നൽകുന്ന ധനസഹായങ്ങൾ പണമായി നേരിട്ടു നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മറ്റു നിയമ തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ ധനസഹായങ്ങൾ പണമായി നേരിട്ടു നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിൽനിന്നും ചെക്ക് മുഖേന അനുവദിക്കുവാനാണ് നിലവിലുള്ള നിർദ്ദേശം.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

തിരുവിതാംകൂർ രാജകുടുംബത്തിൽനിന്നും ഏറ്റെടുത്ത ഭൂമി

175 (3950) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിച്ചഭൂമി നിയമപ്രകാരം തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്ന് സർക്കാർ ഏറ്റെടുത്ത പട്ടത്തെ സ്വകാര്യ ആശുപത്രിക്ക് സമീപമുള്ള രണ്ട് ഏക്കർ ഭൂമി ചില വ്യക്തികൾക്കും സംഘടനകൾക്കും പതിച്ചു നൽകാൻ ശ്രമം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിച്ചഭൂമിയായി നിയമപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് മാത്രമേ പതിച്ചു നൽകാവൂ എന്ന് നിയമം അനുശാസിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly